(സി) തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനായി സർക്കാർ 2002 ആഗസ്റ്റ് മുതൽ ബോണക്കാട് എസ്റ്റേറ്റിലെ തൊഴിലാളികളുടെ ഓരോ കുടുംബത്തിനും ആഴ്ചയിൽ 10 കിലോ അരി വീതം സൗജന്യമായി നൽകി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ എസ്.ജി.ആർ.വൈ പദ്ധതി പ്രകാരം തൊഴിലാളികളെ മറ്റ് പണികളിൽ ഏർപ്പെടുത്തി 'ജോലിക്ക് ഭക്ഷണം' എന്ന പരിപാടിയും നടപ്പാക്കിവരുന്നു. കൂടാതെ ലേബർ വെൽഫയർ ഫണ്ട് മുഖേന, അംഗങ്ങളായി ചേർത്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യവും മെഡിക്കൽ ആനുകൂല്യവും, അപേക്ഷ ലഭിക്കുന്നതനുസരിച്ച് നൽകി വരുന്നു.

റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരണം

70 (4230) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് സേഫ്ടി അതോറിറ്റി രൂപവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ഡി) റോഡ് സേഫ്ടി അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും ഏജൻസിയുടെ ധനസഹായം ലഭ്യമാക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ തടയുകയും റോഡപകടങ്ങൾക്കിരയാവുന്നവർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള അടിയന്തിര സഹായം എത്തിക്കുകയുമാണ് റോഡ് സേഫ്ടി അതോറിറ്റി രൂപീകരിക്കുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഇതിന്റെ നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. റോഡ് സേഫ്ടി അതോറിറ്റിയോടൊപ്പം ഒരു റോഡു സുരക്ഷാ ഫണ്ടും രൂപീകരിക്കുന്നുണ്ട്.

(സി) വകുപ്പുതല പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY. ARCHIVES Kerala Legislative Assembly